**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 2368**

**12.06.2018 - ലെ മറുപടിയ്ക്ക്**

**ട്രഷറി നിക്ഷേപം ആകർഷകമാക്കുന്നതിനുള്ള നടപടികൾ**

| | ചോദ്യം | ഉത്തരം |
|---|---|---|
| | **ശ്രീ. മഞ്ഞളാംകുഴി അലി** | **ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി ഡോ. റ്റി.എം. തോമസ് ഐസക്** |
| (എ) | സംസ്ഥാനത്ത് ജീവനക്കാരും പെൻഷൻകാരുമല്ലാതെ ഏകദേശം എത്രപേർക്ക് ട്രഷറി സേവിംഗ്സ് അക്കൗണ്ട് ഉള്ളതായാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | സംസ്ഥാനത്ത് സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടേതുമല്ലാത്ത 2,16,233 (രണ്ട് ലക്ഷത്തി പതിനാറായിരത്തി ഇരുന്നൂറ്റി മുപ്പത്തി മൂന്ന്) എണ്ണം ട്രഷറി സേവിംഗ്സ് അക്കൗണ്ടുകൾ നിലവിലുള്ളതായി കണക്കാക്കിയിട്ടുണ്ടെന്ന് ട്രഷറി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |
| (ബി) | പൊതുജനങ്ങളിൽ നിന്നുള്ള ട്രഷറി നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും ട്രഷറി നിക്ഷേപം കൂടുതൽ ആകർഷകമാക്കുന്നതിനും ഈ സർക്കാർ എന്തെങ്കിലും കർമ്മപദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | ട്രഷറികളിൽ നിക്ഷേപ സൗഹൃദ അന്തരീക്ഷം ഉറപ്പു വരുത്തുന്നതിന് വേണ്ട എല്ലാ നടപടികളും വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ട്രഷറിയിൽ നിക്ഷേപിക്കാൻ താൽപര്യപ്പെട്ടുവരുന്ന നിക്ഷേപകന് ട്രഷറി ഓഫീസറെ നേരിട്ട് സമീപിച്ചാൽ നിക്ഷേപകന് ആവശ്യമായ എല്ലാ സഹായ സൗകര്യങ്ങളും ട്രഷറി ഓഫീസർ നേരിട്ട് ഉറപ്പു വരുത്തുന്നതാണ്. ട്രഷറി നിക്ഷേപത്തിന്റെ പലിശ നിരക്കും അതിന്റെ മറ്റ് ആകർഷണീയതകളും വ്യക്തമാക്കിക്കൊണ്ടുള്ള പരസ്യ ബോർഡുകൾ എല്ലാ ട്രഷറികളിലും പ്രമുഖമായ സ്ഥാനത്ത് പ്രദർശിപ്പിച്ചിട്ടുണ്ട്. നിക്ഷേപത്തിന്റെ പലിശ പ്രതിമാസ നിരക്കിൽ നിക്ഷേപകന്റെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യാൻ നിലവിൽ ക്രമീകരണങ്ങളുണ്ട്. ഈ പലിശ നിക്ഷേപകന്റെ സൗകര്യാർത്ഥം ബാങ്ക് അക്കൗണ്ടിലേക്ക് ഇന്റർനെറ്റ് ബാങ്കിംഗ് മുഖേന മാറ്റുന്നതിനുള്ള സൗകര്യം അടുത്തുതന്നെ ഏർപ്പെടുത്തുന്നതാണ്. ഇതുവഴി നിക്ഷേപകന് ട്രഷറിയിൽ നേരിട്ട് ഹാജരാകാതെ തന്നെ പലിശ വാങ്ങാവുന്നതാണ്. ട്രഷറി സ്ഥിര നിക്ഷേപകർക്ക് പണം നിക്ഷേപിച്ചാലുടൻ തന്നെ സർട്ടിഫിക്കറ്റ് നൽകുവാനുള്ള സൗകര്യം ട്രഷറിയിൽ ഏർപ്പാടാക്കിയിട്ടുണ്ട്. മാത്രമല്ല നിക്ഷേപത്തിനായി ബാങ്ക് ചെക്ക് സമർപ്പിച്ചാൽ തന്നെയും അന്നേ ദിവസം തന്നെ തുക ട്രഷറി അക്കൗണ്ടിലേക്ക് മാറ്റുകയും നിക്ഷേപ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുന്നു. നിക്ഷേപ തുകയുടെ പലിശ ഇടപാടുകാരന് ഏതു ട്രഷറിയിൽ നിന്നും മാറാവുന്നതാണ്. നിക്ഷേപ സർട്ടിഫിക്കറ്റ് പ്രിന്റ് ചെയ്തു നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. നിലവിലുള്ള ആകർഷകമായ പലിശ നിരക്ക് സ്ഥിര നിക്ഷപം നടത്താൻ ഇടപാടുകാർക്ക് പ്രേരണയായിട്ടുണ്ട്. ട്രഷറി സേവിംഗ്സ് ഇടപാടുകാർക്ക് ഇന്റർനെറ്റ് ബാങ്കിംഗ് സൗകര്യം ഏർപ്പെടുത്തുവാനുള്ള ക്രമീകരണങ്ങൾ അവസാന ഘട്ടത്തിലാണ്. |

| | | |
|---|---|---|
| (സി) | സംസ്ഥാനത്ത് പൊതുമേഖലാ ബാങ്കുകൾ ഉപഭോക്താക്കളിൽ നിന്നും വിവിധ ഇടപാടുകൾക്ക് പുതിയ ചാർജ്ജുകൾ ഈടാക്കുകയും നിലവിലെ നിരക്കുകൾ വർദ്ധിപ്പിക്കുകയും ചെയ്യുന്നത് മൂലം പിൻതിരിയുന്ന നിക്ഷേപകരെയും പൊതുജനങ്ങളെയും ആകർഷിക്കത്തക്ക വിധത്തിൽ ട്രഷറി നിക്ഷേപം മാറ്റുന്നതിന് നടപടികൾ സ്വീകരിക്കുമോ? | ട്രഷറി സേവിംഗ്സ് ബാങ്ക് ഇടപാടുകാരിൽ നിന്നും യാതൊരു സർവ്വീസ് ചാർജ്ജും ഈടാക്കുന്നില്ല. മാത്രമല്ല ഇടപാടുകാരുടെ എണ്ണം പരിമിതപ്പെടുത്തിയിട്ടില്ല. ട്രഷറി അക്കൗണ്ടിലെ പണം ബാങ്ക് അക്കൗണ്ടിലേക്ക് NEFT/RTGS മുഖേന മാറ്റാവുന്നതാണ്. ട്രഷറി ഇടപാടുകാർക്ക് എ.റ്റി.എം സൗകര്യം പ്രദാനം ചെയ്യുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. ട്രഷറി ഇടപാടുകാർക്ക് ഇന്റർനെറ്റ് ബാങ്കിംഗ് സൗകര്യം അടുത്തുതന്നെ ഏർപ്പെടുത്തുന്നതാണ്. ട്രഷറി ഇടപാടുകാർക്ക് ഈ സൗകര്യങ്ങളെല്ലാം ലഭ്യമാകുന്നത് ഒരു സർവ്വീസ് ചാർജ്ജും ഫീസും ഈടാക്കാതെയാണ്. മറ്റ് ഒളിഞ്ഞിരിക്കുന്ന ചാർജ്ജുകൾ ഒന്നുമില്ലാതെ ട്രഷറി ഇടപാടുകാർക്ക് ലഭ്യമാക്കിയിരിക്കുന്ന ഇത്തരം ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഇടപാടുകാരെ ട്രഷറികളിലേക്ക് ആകർഷിക്കാൻ പര്യാപ്തമാണ്. |

**സെക്ഷൻ ഓഫീസർ**